



# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരേ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം.

സഭയ്ക്കും സമൂഹത്തിനും ധന്യവും ശ്രേഷ്ഠവുമായ നേതൃത്വം നല്കിയ പത്മഭൂഷൺ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി 104 -ാം വയസ്സിൽ താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. സജീവ സേവനത്തിലിരിക്കെ തന്റെ പിൻഗാമിക്ക് സഭയുടെ ഭരണപരമായ ചുമതലകൾ കൈമാറിയ തിരുമേനി പിന്നീട് സാമൂഹിക ജീവിതത്തിൽ കൂടുതൽ സജീവമായി. വ്യക്തി പ്രഭാവം, നർമ്മബോധം, ആശയ ഗാംഭീര്യം, ആവിഷ്ക്കാര ചാതുര്യം, ദർശനവ്യാപ്തി, നേതൃസിദ്ധി, നിരീക്ഷണശക്തി, സഹജരോടുള്ള സഹാനുഭൂതി എന്നിവ കൊണ്ട് സമാനതകളില്ലാത്ത ഇടയശ്രേഷ്ഠനായിരുന്നു മാർ ക്രിസോസ്റ്റം തിരുമേനി. വിശ്രമകാലയളവിലും അവസാനം വരെ സജീവമായി നിലനിന്ന് മേയ് മാസം5 -ാം തീയതി വെളുപ്പിന് ഈ ലോകത്ത് നിന്നും ശാന്തമായി വിടവാങ്ങി.

വലിയ തിരുമേനിയുടെ ദേഹവിയോഗം മാർത്തോമ്മാ സഭയെ മാത്രമല്ല, ജാതി-മത ധാരകൾക്കപ്പുറം ഏവരേയും ദുഃഖത്തിലാഴ്ത്തി. തിരുമേനിയുടെ ജീവതത്തിനായും നേതൃത്വത്തിനായും ദൈവത്തിന് നന്ദികരേറ്റാം. കോവിഡ്-19 ന്റെ നിയന്ത്രണങ്ങളുടെ മദ്ധ്യത്തിൽ കബറടക്ക ശുശ്രൂഷകൾ പ്രോട്ടോക്കോൾ പാലിച്ചു തന്നെ അനുഗ്രഹപ്രദമായി ക്രമീകരിച്ചു. രാഷ്ട്രീയ-സാ മൂഹിക-സാംസ്കാരിക-മത നേതാക്കൾ, ഉദ്യോഗസ്ഥ പ്രമുഖർ, വിശ്വാസ സമൂഹം, പൊതു സമൂഹം, സഭാംഗങ്ങൾ എന്നിങ്ങനെ സമൂഹത്തിലെ വിവിധ തുറകളിൽ നിന്നും അണമുറിയാതെ അനേകരെത്തി തിരുമേനിയോടുള്ള ആദരവുകൾ അറിയിക്കുകയും അനുശോചനം രേഖപ്പെടുത്തകയും ചെയ്തു. സർക്കാർ സംവിധാനങ്ങളിൽ നിന്നും മാധ്യമപ്രവർത്തകരിൽ നിന്നും നല്ല സഹായ സഹകരണങ്ങൾ ലഭിച്ചു. നമ്മുടെ സഭയിലെ തിരുമേനിമാരോടൊപ്പം സഹോദരി സഭകളിലെ മേലദ്ധ്യക്ഷന്മാരും ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. ഏവരോടുമുള്ള നന്ദി സഭയുടെ നാമത്തിൽ അറിയിക്കുന്നു. വലിയ തിരുമേനി നമുക്ക് കാട്ടിത്തന്ന നല്ല മാതൃകകൾ പിൻതുടർന്ന് കൂടുതൽ കർമ്മോത്സുകരാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

കോവിഡ് മഹാമാരിയുടെ തീവ്രവ്യാപനമാണല്ലോ കഴിഞ്ഞ ചില ആഴ്ചകളായി അനുഭവിക്കുന്നത്. ജനിതക മാറ്റം സംഭവിച്ച കൊറോണ വൈറസ് ഏറെ മാരകമാണ്. അതിന്റെ പ്രഹര ശക്തി അനേക മരണങ്ങൾക്ക് കാരണമായി. ഇന്ത്യയുടെ പലഭാഗങ്ങളിലും ആശുപത്രി കിടക്കകളുടെ ലഭ്യതക്കുറവും,പ്രാണവായുവിന് വേണ്ടിയുള്ള രോദനവും, വെന്റിലേറ്ററുകളുടെ അഭാവവും ഉണ്ടായി. കേവലം ഒരു രോഗം എന്നതിനപ്പുറത്തേക്ക് സാമൂഹ്യ സംവിധാനങ്ങളെ കീഴ്മേൽ മറിക്കുന്ന ഒന്നായി കോവിഡ് മാറിക്കഴിഞ്ഞു. സാമ്പത്തിക അസ്ഥിരത ഏറെ വർദ്ധിക്കുമ്പോൾ കൂടുതൽ ആളുകൾ പട്ടിണിയിലേക്കെറിയപ്പെടുന്നു. മരണം, രോഗം, തൊഴിലില്ലായ്മ, അനാഥരാക്കപ്പെടുന്ന ബാല്യങ്ങൾ ഇങ്ങനെ നീളുകയാണ് ദുരിതങ്ങളുടെ പട്ടിക. കോവിഡിനോടൊപ്പം ബ്ലാക്ക് ഫംഗസ് (മ്യൂകർമെക്കോസിസ്) ബാധയും ഇതുമൂലമുണ്ടാകുന്ന മരണവും മഹാമാരിക്കാലത്ത് മറ്റൊരു ആശങ്കയായി. കൂടാതെ തെക്കുകിഴക്കൻ അറബിക്കടലിൽ രൂപം കൊണ്ട ന്യൂനമർദ്ദം ശക്തി പ്രാപിച്ച് കേരള, കർണ്ണാടക, ഗോവ, ഗുജറാത്ത് സംസ്ഥാനങ്ങളിൽ ടൗട്ടെ ചുഴലിയായും, ഒഡീഷ, ബംഗാൾ, ആന്ധ്രാ എന്നിവിടങ്ങളിൽ യാസ് ചുഴലിയായും, അതി ശക്ത മഴയായും തീരത്തുടനീളം കടലാക്രമണമായും അനുഭവപ്പെട്ടു. ഇവയെല്ലാം മനുഷ്യ ജീവിതം കൂടുതൽ ദുസ്സഹമാക്കുകയാണ്. അറബിക്കടലിലെ ബാർജ് ദുരന്തത്തിൽ 70 പേരുടെ മരണം സംഭവിച്ചത് വേദനാജനകമാണ്.

മഹാമാരിനമ്മുടെ ചുറ്റുമുള്ള ഒരു വലിയ പങ്ക് ജനതയെ ഒറ്റപ്പെടലിലേക്കും ദുരിതത്തിലേക്കും പട്ടിണിയിലേക്കും തള്ളിവിടുമ്പോൾ കേന്ദ്ര, ഭദ്രാസന, ഇടവക തലത്തിൽ സഭ ചെയ്യേണ്ട ഉത്തരവാദിത്തങ്ങളെപ്പറ്റി പതിനാറ്, പതിനേഴ് നമ്പർ സർക്കുലറുകൾ വഴി സഭാ ജനങ്ങളെ ഉദ്ബോധിപ്പിച്ചിരുന്നുവല്ലോ. സഭയിലെ എല്ലാ ഇടവകകളും അടിയന്തിര ചികിത്സാ സഹായ കേന്ദ്രങ്ങൾ ആക്കുന്നതിന് ഇടവക വികാരിയുടെ നേതൃത്വത്തിലും ഇടവകചുമതലക്കാരുടെയും കൈസ്ഥാനസമിതിയുടെയും ആലോചനയോടുകൂടെയും വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. ഒപ്പം അതാത് പ്രദേശങ്ങളിൽ ആവശ്യത്തിലും ഒറ്റപ്പെടലിലും കഴിയുന്നവരെ ജാതി, മത വ്യത്യാസം കൂടാതെ തേടിപ്പിടിച്ച് വേണ്ട സഹായങ്ങളും ശുശ്രൂഷകളും ചെയ്യണം. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സന്നദ്ധഭടന്മാരെ യുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ രൂപപ്പെ

ടുത്തുകയും മെഡിക്കൽ കിറ്റുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾക്ക് സജ്ജരാകുകയും വേണം.

കോവിഡ് ബാധിച്ച് മരിച്ചവരുടെ മൃതദേഹങ്ങൾ അന്തസ്സോടുകൂടെ ദഹിപ്പിക്കുവാനോ സംസ്ക്കരിക്കുവാനോ കഴിയാത്ത ഒരവസ്ഥയല്ലേ വാസ്തവത്തിൽ ഗംഗാ നദിയിൽ ഒഴുകി നടന്ന മൃതശരീരങ്ങൾ സൂചിപ്പിക്കുന്നത്. പലയിടങ്ങളിലും ഭൗതീക ശരീരത്തോടെ അനാദരവ് കാണിക്കുന്നു എന്ന വാർത്ത വേദനാജനകമാണ്. സംസ്ക്കരിക്കുന്നതിന് തയ്യാറാക്കിയ മൃതദേഹത്തിൽ നിന്നും വൈറസ് വ്യാപനം ഉണ്ടാകുകയില്ല എന്ന മെഡിക്കൽ സംഘത്തിന്റെ വിദഗ്ധാഭിപ്രായം ഗൗരവമായിക്കാണണം. കോവിഡ് ബാധിച്ച് മരിച്ചവരുടെ മൃതദേഹം ബന്ധുക്കളുടെ മതവിശ്വാസമനുസരിച്ച് ആചാരപ്രകാരം സംസ്ക്കരിക്കാമെന്ന് സംസ്ഥാന സർക്കാരിന്റെ മാർഗരേഖ പുറത്തിറങ്ങിയിട്ടുണ്ട്.അതുകൊണ്ട് മൃതശരീരത്തോട് യാതൊരു വിധത്തിലും അനാദരവ് കാണിക്കാതെ ശവസംസ്ക്കാര ചടങ്ങുകൾ കരുതലോടെയും അത് അർഹിക്കുന്ന അന്തസ്സോടുകൂടെയും നിർവ്വഹിക്കുവാൻ ഏവരും ശ്രമിക്കണം. ശവശരീരം മറവുചെയ്യുവാൻ സഹായിക്കുന്ന മാർത്തോമ്മാ യുവജനസഖ്യം സന്നദ്ധ സേനാംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കട്ടെ.

ഉൾനാടൻ ഗ്രാമങ്ങളിലേക്കും കോവിഡ് പടർന്നു എന്ന സൂചനയോടൊപ്പം കോവിഡ് എന്ന മഹാമാരിയെ കൈകാര്യം ചെയ്യുവാനാവശ്യമായ സൗകര്യങ്ങൾ ഗ്രാമപ്രദേശങ്ങളിൽ ക്രമീകരിക്കുവാനായില്ല എന്ന സത്യവും പുറത്തു വരികയാണ്. ഇന്ത്യയിലെ ഗ്രാമങ്ങളിൽ അത്യാവശ്യ മെഡിക്കൽ സൗകര്യങ്ങൾ ക്രമീകരിക്കുവാൻ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന മിഷൻ ഹോസ്പിറ്റലുകൾക്ക് ഏവരും കൈത്താങ്ങൽ നല്കണം. ഓക്സിജൻ, ഐ.സി. യു സൗകര്യങ്ങൾ എന്നിവ ചെറിയ ഹോസ്പിറ്റലുകളിലും ക്ലിനിക്കുകളിലും ഉണ്ടാകേണ്ടിയിരിക്കുന്നു. നമ്മുടെ ഹോസ്കോട്ടെ മിഷൻ ഹോസ്പിറ്റലിൽ ഏപ്രിൽ മാസം 22 മുതൽ കോവിഡ് രോഗികളെ അഡ്മിറ്റ് ചെയ്യുകയും 45 കിടക്കകൾ അവർക്ക് വേണ്ടി മാത്രം നീക്കിവെക്കുകയും ചെയ്തു. ഏപ്രിൽ 25–ാം തീയതി മുതൽ ഇതുവരെയും ശരാശരി 40 രോഗികൾ അവിടെ ഇൻപേഷ്യന്റ് വിഭാഗത്തിൽ ചികിത്സ തേടുന്നു. വർദ്ധിച്ച് വരുന്ന രോഗാവസ്ഥ കണക്കിലെടുത്ത് സുമനസ്സുകളുടെ സഹായത്തോടെ 4 കിടക്കകൾ ഉള്ള ഒരു ഐ. സി. യു., ഒരു ഓക്സിജൻ പ്ലാന്റ്, ഓക്സിജൻ ലഭ്യമാകുന്ന 50 കിടക്കകൾ എന്നിവ ക്രമീകരിച്ച് വരുന്നു. കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രിയിൽ 8 ഐ. സി. യു. കിടക്കകളും, 3 വെന്റിലേറ്ററുകളുമുൾപ്പെടെ 40 കിടക്കകളുള്ള കോവിഡ് യൂണിറ്റ് സജ്ജമാക്കി. സമൂഹത്തിന്റെ ആവശ്യത്തിന് മുന്നിൽ മാതൃകാപരമായി ഉയർന്ന് പ്രവർത്തിക്കുവാൻ സാധിച്ചത് പൊതുസമൂഹത്തിൽ നമ്മുടെ സാക്ഷ്യത്തെ ബലപ്പെടുത്തുന്നതിന് മുഖാന്തിരമായി. നേതൃത്വവും സഹായവും നല്കിയ എല്ലാവരെയും അഭിനന്ദിക്കുന്നു.

കോവിഡിന് ഇനി ഒരു മൂന്നാം തരംഗം ഉണ്ട് എന്ന് പറയുമ്പോൾ അത് അധികം അകലെയല്ലെന്ന മുന്നറിയിപ്പും ആരോഗ്യവിദഗ്ധർ നല്കുന്നുണ്ട്. കോവിഡ് പ്രോട്ടോക്കോൾ നിശ്ചയമായും പാലിക്കണം. വീടിനകത്തും ജാഗ്രത പുലർത്തുകയും വാക്സിനേഷൻ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുകയും ചെയ്താൽ മൂന്നാം തരംഗത്തിന്റ കാഠിന്യം കുറയ്ക്കാം. സാമ്പത്തിക പ്രതിസന്ധി എല്ലാമേഖലകളെയും പ്രതികൂലമായി ബാധിച്ചിരിക്കുന്നു. അഷ്ടിക്ക് വകയില്ലാതെ അയൽപക്കത്ത്ആരെങ്കിലുമുണ്ടോയെന്ന് അന്വേഷിക്കേണ്ടത് ക്രിസ്തീയ ധർമ്മമാണ്. ഇടവകകൾക്കും വരുമാനം ഗണ്യമായി കുറഞ്ഞിരിക്കുന്ന സാഹചര്യമാണുള്ളത്. സാമ്പത്തിക പ്രതിസന്ധി ഉളവാകാതിരിപ്പാൻ ഇടവകാംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. ചെലവ് ചുരുക്കിയും ആർഭാടങ്ങൾ ഒഴിവാക്കിയും കരുതലോടെ ജീവിക്കുവാൻ ഏവരും ശ്രമിക്കണം. പ്രകൃതി വിഭവങ്ങളെ കൂടുതൽ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നതും അന്തരീക്ഷത്തിലെ കാർബണിന്റെ അളവു കുറയ്ക്കുവാനുള്ള ശ്രമങ്ങളും ഒക്കെ കരുതലിന്റെ ഭാഗം തന്നെയാണ്. പ്രകൃതിയോടും മനുഷ്യരോടുമുള്ള കരുതൽ ദൈവത്തോടുള്ള ആദരവായി കാണുന്ന ഒരു സമൂഹമായി നമുക്ക് മുന്നേറാം. അന്താരാഷ്ട്ര പരിസ്ഥിതി ദിനമായി ജൂൺ 5 വേർതിരിച്ചിരിക്കുമ്പോൾ കേവലം വൃക്ഷത്തെ നടീൽ എന്നതിനപ്പുറമായി കരുതലിന്റെ ജീവിത ശൈലി സ്വീകരിക്കുന്നു എന്ന പ്രതിജ്ഞ നമുക്ക് എടുക്കാം.

കേരളത്തിലും മറ്റു ചില സംസ്ഥാനങ്ങളിലും നടന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിൽ വിജയിച്ച എല്ലാവരെയും അനുമോദിക്കുന്നു. കേരളസംസ്ഥാനത്ത് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ അധികാരത്തിലെത്തി.ഒരു തുടർഭരണമാണ് കേരളത്തിലെ ജനങ്ങൾ ആഗ്രഹിച്ചതെന്ന് വ്യക്തം. പ്രതിസന്ധികളുടെ മദ്ധ്യേ തുണയായി നിന്നു എന്നതാവാം തുടർഭരണത്തിനനുകൂലമായി ജനം വിധിയെഴുതുവാനുള്ള ഒരു കാരണം. ഗവൺമെന്റായാലും രാഷ്ട്രീയ പാർട്ടികളായാലും സംഘടനകളായാലും സഭയായാലും ജനങ്ങളോട് ചേർന്ന് നിന്നും താദാത്മ്യപ്പെട്ടും അവരുടെ പ്രതിസന്ധികളിൽ തുണയാകേണ്ടതിന്റെ ആവശ്യകതയാണ് ഇവിടെ പ്രസക്തമാകുന്നത്. പിണറായി വിജയനേയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയേയും അഭിനന്ദിക്കുകയും പുതിയ മന്ത്രിസഭയ്ക്ക് എല്ലാവിധ ആശംസകളും നേരുകയും ചെയ്യുന്നു. പുതുമുഖങ്ങളെ അണിനിരത്തി മന്ത്രിസഭ രൂപീകരിച്ചതുപോലെ പുതിയ ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഈ സർക്കാരിന് കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പ്രതിപക്ഷത്തിനും നമ്മുടെ ഭരണ സംവിധാനത്തിൽ ഒരു സുപ്രധാന പങ്കുണ്ടല്ലോ. മഹാമാരിയും പേമാരിയും സംഹാര നൃത്തം തുടരുന്ന ഈ കഠിനകാലത്ത് ജനങ്ങളോടുള്ള പ്രതിബദ്ധത മനസ്സിലാക്കി ഭരണപക്ഷവും പ്രതിപക്ഷവും പ്രവർത്തിക്കും എന്ന് നമുക്ക് വിശ്വസിക്കാം. കേരളത്തിലെ നിയമസഭാ സാമാജികരായി വിജയിച്ച നമ്മുടെ സഭാംഗങ്ങളായ ശ്രീ. മാത്യു ടി തോമസ്, ശ്രീ. തോമസ് കെ തോമസ് എന്നിവരെ വിശേഷാൽ അനുമോദിക്കുന്നു.

കഴിഞ്ഞ ചില ആഴ്ചകളായി ഇസ്രായേൽ-പാലസ്തീൻ പ്രശ്നം അതിന്റെ ഭീകരരൂപത്തിൽ അഴിഞ്ഞാടുകയാണ്. ഇത് ഏറെ ഉത്ക്കണ്ഠ ഉളവാക്കുന്നു. തുടർച്ചയായുള്ള മിസൈൽ ആക്രമണങ്ങൾ ഇരു വശങ്ങളിലും അനേകം ജീവൻ

കവർന്നെടുത്തു. ഇസ്രായേലിൽ കൊല്ലപ്പെട്ട സൗമ്യയുടെ കുടുംബത്തിന്റെ ദുഖം ഭാരത സമൂഹത്തിന്റെ ഒന്നായ നൊമ്പരമാണ്. സഭയുടെ അനുശോചനം കുടുംബാംഗങ്ങളെ അറിയിക്കുന്നു. എത്രയോ സൗമ്യമാർ മരിച്ചുവീഴുന്ന ഭൂമികയായി ആ പ്രദേശം മുഴുവൻ മാറിയിരിക്കുന്നു. കാലഘട്ടത്തെ പിൻപോട്ടു വലിക്കുന്ന മത തീവ്രവാദം രാഷ്ട്രങ്ങളുടെ അനുദിന പ്രവർത്തനങ്ങളെ വല്ലാതെ നിയന്ത്രിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മതബോധങ്ങൾക്കപ്പുറമായി രാഷ്ട്രീയ ലക്ഷ്യങ്ങളുടെ മറയായി മതത്തെ ദുരുപയോഗം ചെയ്യുന്ന ദുരവസ്ഥയാണിത്. എല്ലാ മതങ്ങളിലും ഇത്തരം ദുരുപയോഗത്തിന്റെ സങ്കേതങ്ങൾ കണ്ടെത്താൻ കഴിയും. തീവ്രവാദങ്ങളും യുദ്ധങ്ങളും ദേശീയത എന്ന ബോധം അരക്കിട്ടുറപ്പിക്കുവാൻ പര്യാപ്തമായേക്കാം. എന്നാൽ ദേശീയതയുടെ പേരിൽ മരിച്ചു വീഴുന്ന മനുഷ്യരും കഷ്ടതയിലൂടെ കടന്നു പോകുന്ന സാമാന്യജനതയും ദേശീയത എന്ന സങ്കല്പത്തെ തന്നെ ചോദ്യം ചെയ്യുവാൻ പ്രേരകമായി തീരുന്നു. ദേശ രാഷ്ട്രത്തിനും മേലെയാണ് ജീവന്റെ നിലനില്പ് എന്ന സത്യം ദേശീയതയെക്കുറിച്ചുള്ള പുത്തൻ അന്വേഷണങ്ങളുടെ സാദ്ധ്യതകളെ വെളിവാക്കുന്നു. ഇരു രാഷ്ട്രങ്ങളിലേയും ജനസഞ്ചയം ഇരകളാക്കപ്പെടുന്ന ഈ യുദ്ധം അവസാനിപ്പിച്ചേ മതിയാകൂ. സമാധാനത്തിന്റെ നഗരമായ യെരുശലേം കേന്ദ്രമായാണ് ഈ ഏറ്റുമുട്ടലുകൾ നടക്കുന്നത് എന്നത് ഏറ്റം ഖേദകരമാണ്. മൂന്ന് മതവിഭാഗങ്ങൾക്ക് വിശുദ്ധ ഭൂമിയായ ഇവിടെ ഏറെ നാളുകളായി നടന്നുവരുന്ന സംഘർഷങ്ങൾ നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. യു. എൻ. മുന്നോട്ടുവെച്ച ഇരു രാഷ്ട്രങ്ങളുടെയും അസ്തിത്വം അംഗീകരിക്കുന്ന സമാധാന പ്രക്രിയയിലൂടെ സമാധാനം കൈവരിക്കാനാകും എന്ന യാഥാർത്ഥ്യം അംഗീകരിച്ചേ മതിയാകുകയുള്ളു. സമാധാനത്തിനായി നടത്തുന്ന എല്ലാ അനുരജ്ഞന ശ്രമങ്ങളും വിജകരമായിത്തീരണമെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

മാർത്തോമ്മാ സഭയിലെ സീനിയർ വൈദീകനും കൈപ്പട്ടൂർ സെന്റ് തോമസ് ഇടവകാംഗവുമായിരുന്ന ദിവ്യശ്രീ, കെ. എം. ഐസക്ക് കശ്ശീശ്ശാ നിര്യാതനായി. അച്ചന്റെ അവസാന നാളുകളിൽ ആരോഗ്യവും ചികിത്സയും സംബന്ധിച്ച് സഭാ തലത്തിൽ നിന്നും ചെയ്യേണ്ട കരുതലുകൾ സഭയായി നിർവ്വഹിക്കുകയും ശവസംസ്ക്കാരം കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് ഭംഗിയായി ക്രമീകരിക്കുകയും ചെയ്തു. വൈദ്യശാസ്ത്രരംഗത്ത് സമഗ്രസംഭാവനകൾ നല്കുകയും സഭയുടെ വിവിധ ഭരണസമിതികളിൽ പ്രവർത്തിക്കുകയും തിരുവന്തപുരം മെഡിക്കൽകോളേജ് ട്രിനിറ്റി മാർത്തോമ്മാ ഇവകയുടെ രൂപീകരണത്തിൽ വിലപ്പെട്ട നേതൃത്വം നല്കുകയും ചെയ്ത ഡോ. പി. എ. തോമസ് നിര്യാതനായി. ഇന്ത്യയുടെ എക്യുമെനിക്കൽ, ദൈവശാസ്ത്ര മേഖലകളിൽ ഗണ്യമായ സംഭാവനകൾ ചെയ്ത മാർത്തോമ്മാ സഭയുടെ സുഹൃത്തുക്കളായ പലരും കഴിഞ്ഞ ചില ആഴ്ചകൾക്കുള്ളിൽ അന്തരിച്ചു. സെറാമ്പൂർ സർവ്വകലാശാലയുടെ രജിസ്ട്രാർ റവ. ഡോ. സന്താനു കെ. പത്രോയും ബോർഡ് ഓഫ് തിയളോജിക്കൽ സ്റ്റഡീസിന്റെ സെക്രട്ടറി റവ. ഡോ. ഇമ്മാനുവേൽ മാത്യു താത്താപ്പുടിയും കോവിഡ് ബാധിച്ച് മരിച്ചു. പ്രശസ്ത ദൈവശാസ്ത്രജ്ഞനും മതങ്ങൾ തമ്മിലുള്ള സംവാദങ്ങൾക്ക് നേതൃത്വം നൽകിയതുമായ ഫാദർ കെ. പി. ഏലിയാസും നമ്മെ വിട്ടു കടന്നു പോയി. ഗോത്രവർഗ്ഗ ദൈവശാസ്ത്രജ്ഞനും ലൂഥറൻ സഭയിലെ ബിഷപ്പുമായിരുന്ന നിർമ്മൽ മിൻസും അന്തരിച്ചു. ഇതുപോലെയുള്ള മഹത് വ്യക്തികളുടെ ജീവിതങ്ങൾ ഓർത്ത് ദൈവത്തിന് സ്തോത്രം കരേറ്റുന്നു. അവരുടെ നിര്യാണത്തിൽ മാർത്തോമ്മാ സഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

മാർത്തോമ്മാ സ്ക്കൂൾസ് കോർപ്പറേറ്റ് മാനേജരായി ശ്രീമതി. ലാലിക്കുട്ടി പി 2021 ഏപ്രിൽ 1 മുതൽ നിയമിതയായി. അഭിനന്ദനങ്ങൾ അറിയിക്കുകയും ശുശ്രൂഷകൾ അനുഗ്രഹപ്രദമാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. കഴിഞ്ഞ മൂന്നര വർഷക്കാലം കോർപ്പറേറ്റ് മാനേജരായി നേതൃത്വം നല്കിയ ശ്രീമതി ലാലമ്മ വർഗ്ഗീസിനോടുള്ള നന്ദി രേഖപ്പെടുത്തുന്നു. അമേരിക്കൻ ഐക്യനാടുകളിലെ മെഡിക്കൽ ഡോക്ടർമാരുടെ സംഘടനയായ American College of Physicians ന്റെ അദ്ധ്യക്ഷനായി നമ്മുടെ സഭാംഗവും ബോസ്റ്റൺ കർമ്മേൽ ഇടവാകാംഗവുമായ ഡോ. ജോർജ്ജ് ഏബ്രഹാം തിരഞ്ഞെടുക്കപ്പെട്ടു. ആ രാജ്യത്ത് ആരോഗ്യ പരിപാലന മേഖലയിൽ ഡോ. ഏബ്രഹാമിന്റെ സംഭാവനകളുടെ അംഗീകാരമായി ജോൺ ക്ലാർക്ക് ലീഡർഷിപ്പ് അവാർഡ് അടുത്ത സമയം അദ്ദേഹത്തിന് ലഭിച്ചിരുന്നു. നമ്മുടെ സഭയിലെ സീനിയർ വൈദീകനായ റവ. ഡോ. എം. വി. ഏബ്രഹാമിന്റെ മകനുമായ ഡോ. ജോർജ്ജ് ഏബ്രഹാമിനെ (ജോർജ്ജിയെ) അനുമോദിക്കുന്നു.

കേരളത്തിൽ ജൂൺ മാസം പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്ന കാലമാണ്. എന്നാൽ ഇനി എന്ന് സ്ക്കൂളുകൾ തുറക്കുമെന്നോ കഴിഞ്ഞ അദ്ധ്യയനവർഷത്തെ പരീക്ഷകൾ നടത്തി തീർക്കുമെന്നോ ഒന്നും അറിയാൻ പാടില്ലാത്ത ഒരു കാലം. ചരിത്രത്തിലെ ഇത്തരം ഒരു ദശാസന്ധിയെ അഭിമുഖീകരിക്കുവാൻ അദ്ധ്യാപകരും വിദ്യാർത്ഥികളും മാനസികമായി തയ്യാറെടുക്കേണ്ടിയിരിക്കുന്നു. വർത്തമാനകാല സാഹചര്യങ്ങളെക്കണ്ട് പരിതപിച്ചിട്ട് കാര്യമില്ല. ഇന്നിന്റെ പ്രതിസന്ധികളിൽ അതിജീവനം എങ്ങനെ സാധ്യമാക്കാം എന്ന് ചിന്തിക്കുന്നതാണ് അഭികാമ്യം. അതുതന്നെയാണ് ഏറ്റവും വലിയ പഠനവും.സകല ചരാചരങ്ങളുടെയും സൃഷ്ടാവായ ദൈവത്തിൽ ആശ്രയിച്ച് നമുക്ക് മുന്നേറാം. പുതിയ കാലത്തിൽ പുത്തൻ പ്രതീക്ഷകൾ സൂക്ഷിക്കുന്നവരായി നമുക്ക് മാറാം.

ജൂൺ ആദ്യ ഞായർ (6–ാം തീയതി) വിദ്യാർത്ഥി ഞായറായി വേർതിരിച്ചിരിക്കുന്നു. 'ജ്ഞാനത്തിലും കൃപയിലും വളരുക' (ലൂക്കോസ് 2: 41–52) എന്നതാണ് ചിന്താവിഷയം. ഓരോ വ്യക്തിയും രൂപപ്പെടുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടം വിദ്യാർത്ഥി ജീവിതമാണ്. വിദ്യയുടെ അഭ്യസനത്തിലൂടെ ദൈവത്തിന്റെ ഉദ്ദേശ്യത്തിലേക്കുള്ള വളർച്ചയാണ് സാധ്യമാകേണ്ടത്. വിദ്യാഭ്യാസമെന്നത് കേവലമായ അറിവ് ആർജ്ജിക്കുന്നതല്ല. ദൈവീക ജ്ഞാനത്തിലും കൃപയിലും അടിസ്ഥാനപ്പെട്ടുള്ള പ്രയാണമാണ്. സങ്കുചിതമായ ധാരണകളിൽ നിന്നും ദൈവത്തിന്റെ ലോക വിശാലതയിലേക്ക് നയിക്കുവാൻ പര്യാപ്തമാക്കേണ്ടതാണ് വിദ്യാഭ്യാസം. കുടുംബം, സമൂഹം, സഭ, പ്രകൃതി എന്നിവ ഒരുക്കുന്ന അനുഗ്രഹീത സാഹചര്യങ്ങളിലാണ്

വിദ്യാർത്ഥി ജീവിതം സാർത്ഥകമാകുന്നത്. ബാല്യത്തിൽ യെരുശലേമിലേക്ക് അമ്മയപ്പന്മാരോടൊത്തുള്ള യാത്ര യേശുവിന്റെ വളർച്ചയുടെ ഒരു സുപ്രധാന കാൽവെയ്പ്പായി സുവിശേഷം രേഖപ്പെടുത്തുന്നു യെരുശലേമിലേക്കുള്ള യാത്രയിലൂടെ ആർജ്ജിക്കുന്ന അനുഭവസമ്പത്തും ന്യായപ്രമാണത്തിന്റെ ആഴങ്ങളെ കണ്ടെത്താനുള്ള അഭിവാഞ്ചയും യേശുവിന്റെ വിദ്യാഭ്യാസത്തിന്റ മാനങ്ങളാണ്. യേശുവിന്റ വളർച്ചയ്ക്ക് സാഹചര്യം ഒരുക്കുന്ന മാതാപിതാക്കളും കൂട്ടായ അനുഭവങ്ങളിൽ വളരുകയാണ്. കോവിഡ് മഹാമാരി നാം പരിചയിച്ചുവന്ന വിദ്യാഭ്യാസ രീതികളെ മാറ്റി മറിച്ചിരിക്കുന്നു. പുതിയ രീതികളിലൂടെ ദൈവീക ജ്ഞാനത്തിന്റെയും കൃപയുടെയും നിറവിലേക്ക് വളരുവാൻ കുടുംബങ്ങളുടെ കുടുംബമായ സഭ വിദ്യാർത്ഥികളെ പ്രാപ്തരാക്കണം.

ജൂൺ മാസം 13-ാം തീയതി പരിസ്ഥിതി ഞായറായി വേർതിരിച്ചിരിക്കുന്നു. അന്നേദിവസം 'സൃഷ്ടി ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു' (മത്തായി 6: 25-30) എന്ന വിഷയമാണ് സഭയായി ധ്യാനിക്കുന്നത്. ദൈവസൃഷ്ടിയായ പ്രപഞ്ചത്തെക്കുറിച്ചും നാം അധിവസിക്കുന്ന ലോകത്തെപ്പറ്റിയുമുള്ള തിരിച്ചറിവിൽ നിന്നാണ് പരിസ്ഥിതി ബദ്ധമായ ആത്മീയത രൂപപ്പെടുന്നത്. യേശുവിന്റെ ഗിരിപ്രഭാഷണത്തിൽ ദൈവരാജ്യത്തിന്റെ പുതിയ ജീവിത ശൈലി പരിചയപ്പെടുത്തുന്നത് പ്രകൃതിയുമായുള്ള ജൈവബന്ധത്തിലാണ്. ആകുലചിന്തയുടെ ഒരു മൂലകാരണം മനുഷ്യന്റെ അതിരുകടന്ന ആഗ്രഹങ്ങളാണ്. ആധുനിക സമൂഹത്തിന്റെ മുഖമുദ്രയായ ഉപഭോഗത്വം നമ്മെ ആകുലതയിലേക്ക് ആഴ്ത്തിക്കളയും. പറവകളും പുൽക്കൊടിയും പുഷ്പങ്ങളും അവയുടെ ജീവിതത്തിന്റെ എല്ലാ ക്ഷണികതയുടെയും മധ്യത്തിലും ഏറ്റവും ഉത്തമമായ അനുഭവങ്ങളിലൂടെ കടന്നു പോകുന്നു. ദൈവികസൃഷ്ടിയിൽ ഏറ്റവും ചെറുതും ഏറ്റവും വലുതും പരസ്പരബന്ധിതമാണ്. എല്ലാറ്റിനും അതിന്റേതായ മൂല്യവും അന്തസ്സുമുണ്ട്. മനുഷ്യന്റെ ഉപഭോഗത്തിനുള്ള ഒന്നായി മാത്രം പ്രകൃതിയെ കണ്ടുതുടങ്ങിയപ്പോൾ അത് പാരിസ്ഥിതിക പ്രശ്നങ്ങൾക്കും അതിലൂടെ മനുഷ്യജീവിതത്തിന്റെ പ്രതിസന്ധികൾക്കും കാരണമായി. ദൈവസൃഷ്ടിയുടെ പാരസ്പരികത ഉൾക്കൊള്ളുമ്പോൾ മാത്രമെ ലോകത്തിൽ ജീവന്റെ നിലനില്പും മനുഷ്യന്റെ അനുഗ്രഹീത ഭാവിയും സാധ്യമാകൂ. ദൈവകേന്ദ്രീകൃതമായ ഒരു പരിസ്ഥിതി ദർശനവും ജീവിത ശൈലിയും സ്വായത്തമാക്കുവാൻ നമ്മെത്തന്നെ സമർപ്പിക്കാം.

ജൂൺ 20-ാം തീയതി പെന്തിക്കുസ്തിക്കു ശേഷം നാലാം ഞായർ 'ആത്മാവിലും സത്യത്തിലുമുള്ള ആരാധന' (യോഹ. 4: 13-26) എന്നത് സഭ ധ്യാനിക്കുന്നു. സഭയുടെ അടിസ്ഥാനപരമായ അസ്തിത്വം ആരാധനാ സമൂഹമെന്നതാണ്. ദൈവമഹത്വം തിരിച്ചറിയുന്നതും ദൈവമഹത്വം ആഘോഷിക്കുന്നതുമാണ് ആരാധന. Worship is attributing worth to God. യേശുവും ശമര്യസ്ത്രീയും തമ്മിലുള്ള സംഭാഷണം ആരാധനാ രീതികളും ആരാധനാ സ്ഥലങ്ങളും വംശീയവും സാംസ്ക്കാരികവുമായി വേർതിരിക്കപ്പെടുന്നതിന്റെ യാഥാർത്ഥ്യത്തിലേക്ക് വിരൽചൂണ്ടുന്നു. യഹൂദരുടെയും ശമര്യരുടെയും ചരിത്രത്തിൽ ആരാധനാസ്ഥലത്തെപ്പറ്റിയുള്ള തർക്കം അവരെ പരസ്പരം വെറുക്കുവാൻ കാരണമായി. എന്നാൽ യേശു ആരാധനയിലൂടെ ലഭ്യമാകേണ്ട സ്വാതന്ത്ര്യത്തെപ്പറ്റി സ്ത്രീയോട് സംസാരിക്കുന്നു. ആരാധനയെന്നത് ദൈവത്തിന്റെ ആത്മാവിലേക്കും ദൈവമെന്ന സത്യത്തിലേക്കുമുള്ള നമ്മുടെ സമർപ്പണമാണ്. അത് മനുഷ്യന്റെ സങ്കുചിതമായ അതിർവരമ്പുകളിൽ മാത്രം നാം ചെയ്യുന്ന ഒരു പ്രവൃത്തിയല്ല ദൈവത്തിന്റെ ആത്മാവിനാൽ നമ്മുടെ ജീവിതവും സമൂഹവും രൂപാന്തരപ്പെടുന്നതിന്റെ അവസരമാണ്. ദൈവത്തെ ആരാധിക്കുവാൻ വിളിച്ച് ചേർക്കപ്പെട്ട വലിയ പുരുഷാരത്തിന്റെ ദർശനത്തോടെയാണ് വെളിപ്പാട് പുസ്തകം അവസാനിക്കുന്നത്. ദൈവാത്മാവിന്റെ പ്രവർത്തനത്തിന് സമർപ്പിതരായ വിശ്വാസ സമൂഹത്തിന്റെ അനുഭവത്തിലേക്ക് വളരുവാൻ നമ്മുടെ ആരാധനാ ജീവിതം നമ്മെ സഹായിക്കണം.

ജൂൺ 27 -ാം തീയതി, പെന്തിക്കുസ്തിക്ക് ശേഷം അഞ്ചാം ഞായർ 'ശിഷ്യത്വത്തിന്റെ വില' (യോഹന്നാൻ 10: 11 – 18) എന്ന വിഷയം ശ്ലീഹാ നോമ്പിന്റെ പശ്ചാത്തലത്തിൽ സഭ ധ്യാനിക്കുന്നു. ദൈവരാജ്യ ശുശ്രൂഷയ്ക്കായി യേശു ശിഷ്യരെ വിളിക്കുകയും പ്രവർത്തനങ്ങൾക്കായി അവരെ സജ്ജരാക്കുകയും ചെയ്തു. ശിഷ്യത്വം എന്നത് ഏതെങ്കിലും ആശയത്തിൽ ആകൃഷ്ടരായി അതിന്റെ പിന്നാലെ പോകുന്നതല്ല, മറിച്ച് യേശുവിന്റെ ക്ഷണത്തിനു മുന്നിൽ തങ്ങളുടെ ജീവിതവും അതിന്റെ എല്ലാ അനുഭവങ്ങളും സമ്പൂർണ്ണമായി സമർപ്പിക്കുന്നതാണെന്ന് പഠിപ്പിക്കുന്നു. ഒരു യഥാർത്ഥ ഇടയന്റെ ജീവിത ശൈലിയിലൂടെയാണ് കർത്താവ് ശിഷ്യർക്ക് ഇത് വ്യക്തമാക്കുന്നത്. അപകടഘട്ടത്തിൽ തന്റെ ആടുകളെ ഉപേക്ഷിക്കാതെ അവയെ ആഴമായി അറിയുന്നതിനുള്ള താൽപര്യവും, അവരുടെ വേദനകളും നെടുവീർപ്പുകളും സ്വരവും ശ്രവിക്കുവാനുള്ള ക്ഷമയും ഇടയനുണ്ടാകണം. പരിചിതമായ സമൂഹങ്ങൾക്കപ്പുറത്തുള്ള ദൈവത്തിന്റെ അതിരില്ലാത്ത സമൂഹത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് ഒരു യഥാർത്ഥ ക്രിസ്തുശിഷ്യന്റെ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്. അധികാരത്തിന്റെ പ്രയോഗത്തിലൂടെയല്ല, അപരന്റെ ബലഹീനതകളിൽ അടുത്ത് നില്ക്കുകയും അവരുടെ അപകടസാഹചര്യങ്ങൾ ധീരതയോടെ ഏറ്റെടുക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ശിഷ്യത്വം. കോവിഡ് മഹാമാരി നമ്മെ വേട്ടയാടുമ്പോൾ ജനത്തിനോടൊപ്പം നില്ക്കുന്ന, ജനതയെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ വില നല്കുന്ന സമർപ്പിതരായ ശിഷ്യരെയാണ് ഇന്ന് സഭയ്ക്കാവശ്യം. അതിനായി നമ്മെ ദൈവകരങ്ങളിൽ അർപ്പിക്കാം.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.



**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**

പൂലാത്തീൻ
25.05.2021